
# ബൈബിൾ ട്രൂത്ത്



# THE BIBLE TRUTH

## യേശുക്രിസ്തു

1. ലോകത്തിലേക്കു വന്നു -1തിമൊ 1:15, മത്തായി 17:10
2. ജഡത്തിൽ ജനിച്ചു- യോഹന്നാൻ 1:14, യോഹന്നാൻ 4:1-3
3. സ്ത്രീയിൽ നിന്ന് ജനിച്ചു- ഗലാതൃർ 4:4, യെശയ്യാവ് 7:14
4. മനുഷ്യപുത്രനായി തീർന്നു-ഫിലിപ്പിയർ 2:5-8; ലൂക്കൊസ് 19:10
5. ദരിദ്രനാകുവാൻ ധനം ഉപേക്ഷിച്ചു- 2കൊരിന്ത്യർ6:9; ലൂക്കൊസ് 9:38
6. മനുഷ്യരാൽ ത്യജിക്കപ്പെട്ടു- യോഹന്നാൻ 1:11,12; യെശയ്യാവ് 57:3
7. ദു:ഖമനുഷ്യനായി തീർന്നു- യെശയ്യാവ് 52:3; മത്തായി 23:37
8. മനുഷ്യരാൽ മരണത്തിനു ഏല്പിച്ചുകൊടുത്തു-ലൂക്കൊസ് 24:46 മത്തായി 16:21
9. ഭൂമിയിൽ ശപിക്കപ്പെട്ടവനായിതീർന്നു- ഗലാതൃർ 3:13
10. നമുക്കു വേണ്ടി പാപമായിതീർന്നു - 2കൊരിന്ത്യർ 5:21

## നമുക്ക്

1. സ്വർഗ്ഗത്തിൽ പ്രവേശിക്കുവാൻ- യോഹന്നാൻ 14:1-3, 2കൊരിന്ത്യർ6:1
2. ആത്മാവിൽ ജനിക്കേണ്ടതിന്നു- യോഹന്നാൻ 3:5 1 പത്രൊസ് 1:23
3. ദൈവത്താൽ ജനിക്കേണ്ടതിനു യോഹന്നാൻ 1:11-13, യോഹന്നാൻ 5:4
4. ദൈവമക്കൾ ആകേണ്ടതിന്നു- 1യോഹന്നാൻ 3:1-3; ഗലാതൃർ 4:6
5. ധനികരാകുവാൻ ദാരിദ്ര്യം ഉപേക്ഷിച്ചു-2കൊരിന്ത്യർ 8:9; എഫെസ്യർ 2:7
6. ദൈവത്താൽ സ്വീകരിക്കപ്പെട്ടു- എഫെസ്യർ 1:6 പ്രവൃത്തി 10:34
7. തേജസിന്റെ മക്കൾ ആയി തീർന്നു- ഫിലിപ്പിയർ 4:4; 1പത്രൊസ് 4:13
8. ദൈവത്താൽ ജീവനുള്ളവരായിതീർന്നു. കൊലൊസ്യർ 2:13;എഫെസ്യർ2:1
9. സ്വർഗ്ഗത്തിൽ അനുഗ്രഹിക്കപ്പെട്ടവനാകുവാൻ-ഗലാതൃർ 3:14
10. ദൈവത്താൽ നീതീകരിക്കപ്പെടുവാൻ-2കൊരിന്ത്യർ 5: 21

# THE BIBLE TRUTH

Editors

**P. K. VARGHESE** **J. C. CHOATE**

ooo ooo ooo

**Published by Church of Christ**

പുതിയ നിയമ ക്രിസ്ത്യാനിത്വത്തിന്റെ പുനരേകീകരണം

Vol. 14 July 2000 No. 4

## എഡിറ്റോറിയൽ

അടുത്ത ദിവസം ഹിന്ദു പത്രത്തിൽ വന്ന ഒരു വാർത്ത നമ്മുടെ യുവാക്കളുടെ ആത്മീയ അന്ധതയെ വിലയിരുത്തുന്നതായിരുന്നു. മിസോറാമിൽ ഒരു കൂട്ടം യുവാക്കൾ സാത്താനെ ആരാധിക്കുവാൻ തുടങ്ങിയിരിക്കുന്നു എന്നതാണ് റിപ്പോർട്ട്. എന്താണ് അവരെ ഇതിലേക്കു നയിച്ച ചേതോവികാരം ? ഈ അറിവും അവരുടെ പ്രവർത്തിയും അവരിലും സമൂഹത്തിലും എന്തെല്ലാം പ്രത്യാഘാതങ്ങൾ ഉണ്ടാക്കും ? ഇന്നത്തെ നമ്മുടെ ചിന്ത ഗൗരവമായി ഇതിലേക്കു തിരിയേണ്ടതാണ്. ഇവരുടെ മാതാപിതാക്കളും കുടുംബങ്ങളും ആത്മീയമായി എവിടെ നില്ക്കുന്നു ? ഒരു ഭാഗത്തു മതത്തിന്റെയും വർഗ്ഗീയതയുടേയും ഭ്രാന്ത് മൂത്ത പ്രവർത്തികൾ നടക്കുന്നു. മറുഭാഗത്തു പിശാചിനെ അനുകരിക്കയും ആരാധിക്കയും ചെയ്യുന്നു. ലൗകിക വിദ്യാഭ്യാസം ഉള്ളവരിലും ഇല്ലാത്തവരിലും ഈ സ്വഭാവങ്ങൾ കാണാവുന്നതാണ്. ലോകത്തിൽ എവിടെയുള്ള മനുഷ്യരായാലും അവരെ നയിക്കുന്ന ദൈവിക മാർഗ്ഗരേഖ ലഭിക്കാതെ വരുമ്പോൾ അവർ മററു മാർഗ്ഗത്തിലേക്കു തിരിയും എന്നതു വാസ്തവമാണ്. വഴി തെററി സഞ്ചരിക്കുന്ന ഒരു സമൂഹത്തിലാണ് നാം ജീവിക്കുന്നത്. പക്ഷെ നാം നമ്മുടെ കർത്തവ്യത്തെ യഥാർത്ഥമായി അറിയണം.

കല്ലിനെ, മരത്തിനെ, ലോഹങ്ങളെ എല്ലാം ദൈവമാണെന്നു സങ്കല്പിച്ച് വണങ്ങുന്നവർ ധാരാളം ഉണ്ട്. ദൈ

വത്തെ ആരും ഒരുനാളും കണ്ടിട്ടില്ല. ഭൗതികമായി നില നില്ക്കുന്നവനല്ല ദൈവം. ദൈവം ആത്മാവാണ്. ആ ദൈവത്തെ വിശ്വാസത്തിലാണ് കാണേണ്ടത്. വിഗ്രഹമോ, രൂപമോ, പ്രതിബിംബമോ ഉണ്ടാക്കി ദൈവമെന്നു കരുതി അതിനെ ആദരിക്കുമ്പോൾ നാം ദൈവത്തെ പരിഹസിക്കുകയാണ് ചെയ്യുന്നത്. ദൈവം വെറുക്കുന്ന പ്രവർത്തിയാണത്. ദൈവത്തിനെതിരായി ആരംഭം മുതൽ പ്രവർത്തിക്കയാണ് പിശാച്. മനുഷ്യ മനസ്സിൽ തെററിദ്ധാരണയും ആശയക്കുഴപ്പവും സൃഷ്ടിക്കയാണ് സാത്താന്റെ ജോലി. അങ്ങനെ സൃഷ്ടിയെയും സൃഷ്ടികർത്താവിനെയും തമ്മിൽ ഭിന്നിപ്പിക്കുന്നു. അങ്ങനെ മനുഷ്യനെ പിശാചിന്റെ അടിമയാക്കി നിർത്തുന്നു. അതു നിമിത്തം ജനങ്ങൾക്കു പാപം ചെയ്യാതിരിക്കാൻ കഴിയാതെ വരുന്നു. തെററു ചെയ്യരുതെന്നു വിചാരമുണ്ട്. പക്ഷേ അവൻ ചെയ്തു പോകുന്നു. സ്വയം ആർക്കും പിശാചിന്റെ ഈ പ്രേരണയെ അതിജീവിക്കാൻ കഴിയാതെ വരുന്നു. അവസാനം ഈ അധർമ്മം മനുഷ്യനെ നാശത്തിൽ എത്തിക്കുന്നു. ഇതാണ് വാസ്തവത്തിൽ എല്ലാവരും മനസിലാക്കേണ്ടതു.

യുവാക്കളായവരെ ശ്രദ്ധിക്കാതെ വിട്ടാൽ അവർ വഴി വിട്ടു സഞ്ചരിക്കും. മാതാപിതാക്കളിൽ നിന്നു യഥാർത്ഥ സ്നേഹം കിട്ടാതിരിക്കുക; മാതൃകയില്ലാത്ത കുടുംബ ജീവിതം, സ്വൈരമില്ലാത്ത കുടുംബാന്തരീക്ഷം എന്നിവ അവരെ മററുള്ളവരിലേക്കു നീങ്ങുവാൻ പ്രേരിപ്പിക്കുന്നു. അങ്ങനെ അവർ ചെന്നു ചേരുന്നതു അധാർമ്മികരും അനാത്മികരുമായ ആളുകൾക്കിടയിലേക്കായിരിക്കും. അതാണ് മിസോറാമിലും മററു പല സ്ഥലങ്ങളിലും നടക്കുന്നതു. അവർ പിശാചിന്റെ തന്ത്രങ്ങളിൽ കുടുങ്ങി പോകുന്നു. യേശുക്രിസ്തുവിനെ പോലും പരീക്ഷിച്ചവനാണ് പിശാച്. പക്ഷെ അവൻ ദൈവ വചനത്താൽ സാത്താനെ നേരിട്ടു.

★

# പരിവർത്തനം എന്നാലെന്ത് ?

J. C. ചോട്ട്

ഒരു വിശ്വാസത്തിൽ നിന്നു മറെറാന്നിലേക്കു നേരെ തിരിയുക, മാറുക എന്നതാണ് പരിവർത്തനം എന്ന വാക്കിനു നിഘണ്ടു നൽകുന്ന അർത്ഥം. പാപ വഴിയിൽ നിന്നു മനസ്സു മാററി ദൈവ വഴിയിലേക്കു തിരിയുന്നതിനാണ് ഈ പദം ഉപയോഗിച്ചിരിക്കുന്നതു. പരിവർത്തനം എങ്ങനെ സംഭവിക്കുന്നു ? ഏതെല്ലാം ഘടകങ്ങളിലാണ് മാററം ഉണ്ടാകുന്നതു എന്നെല്ലാം നോക്കേണ്ടതായിട്ടുണ്ട്. പരിവർത്തനത്തിനു മൂന്നു വശങ്ങളാണുള്ളതു. ഹൃദയത്തിനും ജീവിതത്തിനും ഉണ്ടാകുന്ന മാററമാണത്. ഒരു അവസ്ഥ മാറി മറെറാന്നായി തീരുകയും ചെയ്യുന്നുണ്ട്. പരിവർത്തനത്തെ കുറിച്ച് പല തെററിദ്ധാരണകളും ഉണ്ട്. വസ്തു നിഷ്ഠമായ പഠനം നമ്മെ പരിജ്ഞാനത്തിലേക്കുയർത്തും.

ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുന്നതിനെ കുറിച്ചാണ് നാം സംസാരിക്കുന്നതു. ക്രിസ്തുവിൽ വിശ്വസിക്കുന്നു എന്നു പറഞ്ഞാൽ അതിൻെറ അർത്ഥം എന്താണ് ? അവന്നു കീഴ്പ്പെടുക, അവൻെറ ഉപദേശത്തോടു അനുരൂപരാവുക. തെററിൽ നിന്നു, പാപത്തിൽ നിന്നു പിന്തിരിയുക, തുടർന്നു ക്രിസ്തു ആഗ്രഹിക്കുന്നതുപോലെ ജീവിക്കുക. മനസ്സിനും ജീവിതത്തിനും ഉണ്ടാകേണ്ട ഒരു മാററം എല്ലാവർക്കും ഉണ്ട് എന്നതാണ് സത്യം. ആ സത്യത്തെ നാം ഉൾക്കൊള്ളണം.

കൈക്കൂലി കൊടുത്തു ക്രിസ്തുവിനെ അനുഗമിക്കാൻ ആളെ കൂട്ടുന്നതിനെ കുറിച്ചോ ക്രിസ്ത്യാനിയായി തീരുന്നതിനു പണമോ മററു സാധനങ്ങളോ സ്വീകരിച്ച് പേരിൽ മാററം വരുത്തുന്നതിനെ പററിയല്ല നാം വിവരിക്കുന്നതു. ഭൗതികമായ വസ്തുക്കളുടെ ആകർഷണത്താൽ പുറ

മെ അറിയപ്പെടുന്ന മാററവുമല്ല ആവശ്യം. സമൂഹത്തിൽ ഉയർന്ന സ്ഥാനം ലഭിക്കുന്നതിനോ പ്രത്യേകമായ ആനുകൂല്യങ്ങറം സ്കൂളിലും കോളേജിലും ആസ്പത്രികളിലും കിട്ടുന്നതിനുവേണ്ടിയുള്ള പരിവർത്തനത്തെയുമല്ല നാം പരാമർശിക്കുന്നതു. നിർബ്ബന്ധമായ ശൈലിയിൽ അടിച്ചേല്പിക്കുന്ന പരിവർത്തനവുമല്ല.

വാസ്തവത്തിൽ ഇങ്ങനെയുള്ള ദാനങ്ങളോ പ്രതിഫലങ്ങളോ കൈപ്പററി ക്രിസ്ത്യാനിയാവുന്നവർ അഭിനയിക്കുകയാണ്. അവർ ക്രിസ്ത്യാനിത്വത്തിലേക്കു പരിവർത്തനം ചെയ്തിരിക്കുന്നു എന്നു പുറമെ നടിക്കുകയാണ്. അവർക്കു വേറെ ആനുകൂല്യങ്ങളും സഹായങ്ങളും കൊടുത്താൽ അവർ തിരിച്ചും പരിവർത്തനം ചെയ്യപ്പെടും. യഥാർത്ഥത്തിൽ അങ്ങനെയുള്ളവർ ദൈവ സന്നിധിയിൽ ക്രിസ്ത്യാനിത്വത്തിലേക്കു പരിവർത്തനം ചെയ്യപ്പെട്ടവരല്ല. അവർ ദൈവത്തിനും ക്രിസ്തുവിനും അപമാനമത്രെ വരുത്തുന്നതു. കാരണം ക്രിസ്തുവിൻെറ നാമം വളരെ വിലയുള്ളതാണ്.

ക്രിസ്തുവിനു വേണ്ടി ഒരാത്മാവിനെ വിലക്കെടുക്കുവാൻ വേണ്ടത്ര പണം ഈ ലോകത്തിലില്ല. ഒരാറം സ്വയമായി പണത്തിനു വേണ്ടി, ഭൗതികമായ വസ്തുക്കറംക്കു വേണ്ടി തൻെറ ആത്മാവിനെ വില്ക്കുന്നു എങ്കിൽ അയാറം തന്നെത്തന്നെ വഞ്ചിക്കയും ദൈവത്തെ പരിഹസിക്കയുമാണ് ചെയ്യുന്നത്, കാരണം ഓരോരുത്തർ ചെയ്യുന്ന പ്രവർത്തിയുടെ ഫലം അനുഭവിക്കുമല്ലൊ. അതു ഒഴിവാക്കാൻ ആർക്കും സാദ്ധ്യമല്ല. ഇതു ഒരുപക്ഷെ അവർ ഗണ്യമാക്കുന്നില്ലായിരിക്കും.

ക്രിസ്ത്യാനികറം എന്നു തെററായി വിളിക്കപ്പെടുന്ന ആളുകറം അവരുടെ ലജ്ജെക്കായിട്ടത്രെ ഇങ്ങനെ ഭൗതികമായ വസ്തുക്കറം നല്കി ആളുകളെ ക്രിസ്ത്യാനിത്വത്തിലേക്കു ആകർഷിക്കുന്നത്. മററുള്ളവരെ ഇങ്ങനെ

സ്വാധീനിക്കുവാനല്ല ദൈവം ആഗ്രഹിക്കുന്നതു. അതു പുതിയ നിയമത്തിൽ ക്രിസ്തുവും അപ്പൊസ്തലന്മാരും പഠിപ്പിച്ച ഉപദേശ രൂപത്തിനു വിപരീതമത്രെ. യഥാർത്ഥ ക്രിസ്ത്യാനികൾ കൈക്കൂലി വാങ്ങുകയോ കൊടുക്കുകയോ ചെയ്യുകയില്ല. ഏതെങ്കിലും ഒരാൾ മറെറാരാളെ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യുവാൻ കൈക്കൂലി കൊടുക്കുന്നുവെങ്കിൽ അയാൾ ക്രിസ്തുവിന്റെ പ്രതിനിധിയല്ല; സാത്താന്റെ പ്രതിനിധിയാണ്. അത്തരം ആളുകളെ പററി 2 കൊരിന്ത്യർ 11:14-15 വാക്യങ്ങളിൽ പറയുന്നുണ്ട്. സാത്താൻ താനും വെളിച്ച ദൂതന്റെ വേഷം ധരിച്ച് ആളുകളെ തെററിക്കാറുണ്ട്. ആകയാൽ അവർ നീതിയുടെ ശുശ്രൂഷക്കാരുടെ വേഷം ധരിച്ചാൽ അതിൽ അതിശയവുമില്ല. അവരുടെ പ്രവർത്തികൾക്കു തക്കതായ അന്ത്യമായിരിക്കും അവരുടേത്.

ക്രിസ്തു പറഞ്ഞതു: ഒരുത്തൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശെടുത്തു എന്നെ അനുഗമിക്കട്ടെ എന്നാണ് (ലൂക്കൊസ് 9:23).

പെന്തെക്കൊസ്തു നാളിൽ കർത്താവിന്റെ സഭ ആരംഭിച്ച നാളിൽ ക്രിസ്തുവിനെ കുറിച്ചുള്ള ഉപദേശം ആളുകൾ കേട്ടു വിശ്വസിച്ചപ്പോൾ അവർ രക്ഷിക്കപ്പെടുവാൻ എന്തു ചെയ്യണമെന്നു ചോദിച്ചു. പത്രൊസും ശേഷം അപ്പൊസ്തലന്മാരും പറഞ്ഞതു: ഓരോരുത്തരും മാനസാന്തരപ്പെട്ടു പാപങ്ങളുടെ മോചനത്തിനായി യേശുവിന്റെ നാമത്തിൽ സ്നാനം ഏല്പിൻ എന്നാൽ പരിശുദ്ധാത്മാവ് എന്ന ദാനം ലഭിക്കും എന്നത്രെ (പ്രവൃത്തി 2:38).

മറെറാരു ദിവസം വേറൊരു കൂട്ടം ആളുകളോടു അപ്പൊസ്തലന്മാർ സംസാരിക്കുമ്പോൾ. ആകയാൽ നിങ്ങളുടെ പാപങ്ങൾ മാഞ്ഞു കിട്ടേണ്ടതിനു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ; എന്നാൽ കർത്താവിന്റെ സമ്മുഖ

ത്തു നിന്നു ആശ്വാസകാലങ്ങൾ വരികയും നിങ്ങൾക്കു മു ൻ നിയമിക്കപ്പെട്ട ക്രിസ്തുവായ യേശുവിനെ അവൻ അ യക്കുകയും ചെയ്യും'' എന്നു പറഞ്ഞു (പ്രവൃത്തി 3:19-20). ഇവിടെ സ്നാനം എന്നതിനു പകരം തിരിഞ്ഞുകൊ ൾക എന്ന പദവും പരിശുദ്ധാത്മാവ് എന്നതിനു പകരം ആശ്വാസകാലങ്ങൾ എന്നും പ്രസ്താവിച്ചിരിക്കുന്നു. എ ന്നാൽ രണ്ടു സന്ദർഭങ്ങളിലും ചർച്ച ചെയ്യപ്പെട്ട വിഷയമാ ണ് പരിവർത്തനം.

പരിവർത്തന സംഭവങ്ങൾ പോലും അപ്പോസ്തല പ്രവർത്തികളുടെ പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടു ണ്ട്. ഇതിലെല്ലാം തന്നെ പാപങ്ങളിൽ നിന്നു മനുഷ്യരെ രക്ഷിക്കുന്നതിനു വന്ന യേശുക്രിസ്തുവിനെ കുറിച്ചുള്ള സുവിശേഷം പ്രസംഗിച്ചിരുന്നു. ആളുകൾ വചനം കേൾ ക്കുകയും വിശ്വസിക്കുകയും മാനസാന്തരപ്പെടുകയും ചെ യ്തു. അവർ തങ്ങളുടെ പാപങ്ങൾ ഉപേക്ഷിച്ച് ദൈവ ത്തിലേക്കു തിരിഞ്ഞു. ക്രിസ്തു ദൈവ പുത്രനാണെ ന്നുള്ള അവരുടെ വിശ്വാസം അവർ ഏററുപറഞ്ഞു. പി ന്നീട് അവർ തങ്ങളുടെ പാപമോചനത്തിനായി വെള്ളത്തി ൽ സ്നാനം ഏല്ക്കുകയും ചെയ്തു. ഇതാണ് ശരിയാ യ പരിവർത്തനം.

പരിവർത്തനം ചെയ്തതിലൂടെ അവർ തങ്ങളുടെ **മനസു മാററി**. ക്രിസ്തുവിനെ വിശ്വസിക്കാതിരുന്ന അവസ്ഥയിൽ നിന്നു അവൻ ദൈവ പുത്രനാണെന്നു വി ശ്വസിക്കുന്ന അവസ്ഥയിലേക്കു മാറി. അവർ തങ്ങളുടെ **ജീവിതം മാററി** പാപത്തിൽ ജീവിച്ചിരുന്നവർ അതിൽ നിന്നുംമാറി ക്രിസ്തുവിൽ നല്ലതും വിശുദ്ധവുമായ ജീ വിതം നയിക്കാൻ തുടങ്ങി. അവരുടെ **അവസ്ഥ** മാറി. സാത്താന്റെ അധികാരത്തിൽ നഷ്ടപ്പെട്ട അവസ്ഥയിൽ നിന്നു അത്ഭുത പ്രകാശമുള്ള ക്രിസ്തുവിന്റെ രാജ്യ ത്തിലേക്കു അവർ രക്ഷിക്കപ്പെട്ടു മാറി. അവർ വീണ്ടും ജ

നിച്ചപ്പോഴാണ് ഇതു സംഭവിച്ചത് (യോഹന്നാൻ 3:3-5). സ്നാനത്തിലൂടെ അവർ ക്രിസ്തുവിലേക്കു പ്രവേശിച്ചു. അവന്റെ മരണത്തിലും അടക്കത്തിലും ഉയിർപ്പിലും പങ്കാളികളാകുമ്പോൾ അവർ ജീവന്റെ പുതുക്കത്തിൽ നടക്കുന്നു (റോമർ 6:3,4). സ്നാനത്താലുള്ള ജനനം അവരെ ക്രിസ്തുവിന്റെ ഭവനത്തിലാക്കി തീർക്കുന്നു. അതു അവന്റെ സഭയാണ്. അവന്റെ സഭയിൽ അവർ തങ്ങളുടെ ശേഷിച്ച കാലം വിശ്വസ്തതയോടെ കഴിയണം (വെളിപ്പാട് 2:10).

ഇതു ഹൃദയത്തിൽ തോന്നി ഓരോരുത്തരും ചെയ്യേണ്ടതാണ്. ആയുഷ്കാലം മുഴുവൻ സമർപ്പിക്കപ്പെടേണ്ടതും ദൈവത്തെ ആരാധിച്ചും സേവിച്ചും പുതിയ നിയമത്തിൽ പറഞ്ഞതുപോലെ ജീവിക്കേണ്ടതും ആകുന്നു. ഇതാണ് യഥാർത്ഥ പരിവർത്തനം. നിങ്ങൾ ക്രിസ്തുവിലേക്കു പരിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ടോ ?

★

# ദൈവസ്നേഹം

**ബാബു ജോസഫ്**

'പ്രതിഫലം പ്രതീക്ഷിക്കാത്ത പ്രവൃത്തിയാണ് സ്നേഹം' എന്നൊരു ചിന്തകൻ പറഞ്ഞിട്ടുണ്ട്.

സ്നേഹം ദീർഘമായി ക്ഷമിക്കുകയും ദയ കാണിക്കുകയും ചെയ്യുന്നു. സ്നേഹം സ്പർദ്ധിക്കുന്നില്ല; നിഗളിക്കുന്നില്ല. ചീർക്കുന്നില്ല; അയോഗ്യമായി നടക്കുന്നില്ല. സ്വാർത്ഥം അന്വേഷിക്കുന്നില്ല; ദോഷം കണക്കിടുന്നില്ല. അനീതിയിൽ സന്തോഷിക്കാതെ സത്യത്തിൽ സന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു; എല്ലാം വിശ്വസിക്കുന്നു; എല്ലാം പ്രത്യാശിക്കുന്നു; എല്ലാം സഹിക്കു

ന്നു. സ്നേഹം ഒരുനാളും ഉതിർന്നു പോകയില്ല.... ആകയാൽ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും നിലനിൽക്കുന്നു. ഇവയിൽ വലിയതോ സ്നേഹം തന്നെ. 1 കൊരിന്ത്യർ 13:4-13.

സ്നേഹം എത്ര വലുതാണ്! സ്നേഹമുള്ളവർ ലോകത്തെ തന്നെ ജയിച്ചവരാണ്. സ്നേഹത്തോടുകൂടിയ പെരുമാററവും സംസാരവും മനുഷ്യരിൽ ശാന്തിയും സമാധാനവും വിതെക്കുന്നു. സ്നേഹം മനുഷ്യനു ആഹ്ലാദം തരുന്നു. ഏതു തകർച്ചയുടെ വേളകളിലും സ്നേഹം നിറഞ്ഞ വാക്കുകൾ ഹൃദയത്തിനു ആശ്വാസവും മനസ്സിനു സ്വസ്ഥതയും നൽകുന്നു. സംസാരത്തിൽ പറഞ്ഞു പഴകിയതും പുതുക്കം നഷ്ടപ്പെടാത്തതുമായ വാക്കാണ് സ്നേഹം. സ്നേഹം ആഗ്രഹിക്കാത്തവരാരുണ്ട്? അനുഭവിക്കാത്തവരാരുണ്ട്? 'സ്നേഹമാണഖില സാരമൂഴിയിൽ' എന്ന കവിഹൃദയം തന്നെ ഇതിനുദാഹരണമാണ്.

മാനവികതയുടെ മാനുഷികബന്ധങ്ങളിൽ സ്നേഹത്തിന്റെ മുഖങ്ങൾ പലതാണ്. ഭാര്യ-ഭർത്തൃസ്നേഹം, മക്കളോടുള്ള സ്നേഹം, മാതാപിതാക്കളോടുള്ള സ്നേഹം സഹോദരീ-സഹോദര സ്നേഹം, ഗുരു-ശിഷ്യ സ്നേഹം, സ്നേഹിതരോടുള്ള സ്നേഹം ഇങ്ങനെ മാനവരാശി സ്നേഹബന്ധമെന്ന അടിസ്ഥാനത്തിലാണ് നിലകൊള്ളുന്നത്. ആർക്കെങ്കിലും ആരെയെങ്കിലും എന്തിനെയെങ്കിലും സ്നേഹിക്കാതിരിക്കുവാനാകുമോ? അസാദ്ധ്യമാണ്.

സ്നേഹത്തെ കുറിച്ച് ഒരുപാട് ഗ്രന്ഥശേഖരങ്ങളുണ്ട്. പ്രബന്ധങ്ങളും പ്രസംഗങ്ങളുമുണ്ട്. കവിതാസമാഹാരങ്ങളുണ്ട്, ഗാനശേഖരങ്ങളുണ്ട്, തത്വസംഹിതകളുണ്ട്, സിദ്ധാന്തങ്ങളുമുണ്ട്.... പക്ഷേ ശരിയായ **'സ്നേഹമില്ല'** എന്ന സത്യം സത്യമായി തന്നെ നിലനിൽക്കുന്നു.

സ്നേഹം-ഈ പദത്തിൽതന്നെ തത്വവും സിദ്ധാന്ത

(ശേഷം 23-ാം പേജിൽ)

# കർത്താവ് ഇങ്ങനെ ചെയ്താൽ?

## ഡില്ലാർഡ് തർമാൻ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

പുതിയ നിയമ സഭയുടെ അതേ മാതൃകയിൽ അംഗത്വവും. സംഘടനാരീതിയും, ആരാധനാ ക്രമവും പേരും മററെല്ലാം അതുപോലെ പിൻപററിക്കൊണ്ടിരുന്നാൽ നിങ്ങൾ അവരെ സ്വാഗതം ചെയ്യുമോ ? അവരുടെ സന്ദേശം കേൾക്കുവാൻ അവരോടു ദയവായി അതിനായി അപേക്ഷിക്കുമോ. ആദിമ ക്രിസ്ത്യാനികൾ അപ്പൊസ്തലന്മാരുടെ ഉപദേശം കേട്ടും കൂട്ടായ്മ ആചരിച്ചും പ്രാർത്ഥന കഴിച്ചും പോന്നതുപോലെ നിങ്ങൾ അവരോടു ചേർന്നുപോകുമോ ? (പ്രവൃത്തി 2:42). അവരുടെ സുവിശേഷം സത്യ സുവിശേഷമെന്നു നിങ്ങൾ സമ്മതിക്കുമോ ? അതോ അവരെ പുഛിച്ചു തരംതാഴ്ത്തി സംസാരിക്കുമോ ?

## പരിശുദ്ധാത്മാവോ ദൈവമോ നേരിട്ടു വന്നു പറഞ്ഞാൽ ?

ആത്മാവിന്റെ സാക്ഷ്യവും സ്ഥിരീകരണവും നേരിട്ടു ലഭിക്കുമ്പോൾ നിങ്ങൾ എന്തു ചെയ്യും ? അതു നിങ്ങൾ സൗമ്യതയോടെ കൈക്കൊള്ളുമോ ? നിങ്ങൾ പോകുന്ന വഴി പരിശോധിക്കുവാൻ പറഞ്ഞാൽ, നിങ്ങൾ അതു കേൾക്കുമോ ? അതോ എനിക്കു ഇപ്പോഴുള്ള എന്റെ വിഭാഗത്തിൽ ഞാൻ തൃപ്തനാണ് അതു മതി എന്നു പറയുമോ? ദൈവകൃപയുടെ വചനവുമായി ദൈവം നേരിട്ടു വന്നു പറഞ്ഞാൽ നിങ്ങളുടെ മനോഭാവം എന്തായിരിക്കും ? ദൈവമോ, അവന്റെ പുത്രനോ പരിശുദ്ധാത്മാവോ നേരിട്ടു ഇന്നു ആരോടും സംസാരിക്കയില്ല. അതിനു പകരമായി തന്നിരിക്കുന്ന സത്യ വചനമാണ് ഉള്ളത്.

★

# സ്നാനത്തിന്റെ ഉദ്ദേശം ദൈവത്തെ അനുസരിക്കയോ ?

ഡെന്നിസ്. ജി

സ്നാനം ഇന്നു മതപരമായി വളരെ വിവാദങ്ങൾ ഉന്നയിക്കാറുള്ള വിഷയമായി തീർന്നിരിക്കുന്നു. ചിലർ സ്നാനത്തെ കുറിച്ചു മനസിലാക്കിയെടുക്കുന്നവരുണ്ട്. മനസിലാക്കാതെ എടുക്കുന്നവരും കാണാം. എന്നാൽ ദൈവം അംഗീകരിക്കത്തക്കവണ്ണം ഒരു വ്യക്തി ഈ വിഷയത്തെ എത്രമാത്രം ഗ്രഹിച്ചിരിക്കണം ? സ്നാനം പാപങ്ങളുടെ മോചനത്തിനു വേണ്ടിയാണ് എന്നു അതെടുക്കുന്ന ഒരാൾ അറിയേണ്ടതുണ്ടോ ? പാപത്തിൽ ജീവിക്കുന്ന ഒരാൾ ക്രിസ്തുവിനോടു ചേരുവാൻ സ്നാനം ഏല്ക്കുമ്പോൾ അയാളുടെ പാപങ്ങൾ ക്ഷമിച്ചുകിട്ടുമെന്നു അറിയേണ്ടതല്ലേ ? (ഗലാത്യർ 3:17). ദൈവത്തെ അനുസരിക്കുന്ന കല്പനകളിൽ സ്നാനവും ഊന്നപ്പെട്ടിരിക്കുന്നു എന്നതു ഒരാൾ മനസിലാക്കേണ്ടതുണ്ടോ ? ചിലർ, സ്നാനം കൂടാതെ ദൈവം പാപങ്ങൾ മോചിക്കുന്നു എന്നു ധരിച്ചുവച്ചിരുന്നാലും സത്യമായ അറിവു അനിവാര്യമത്രെ.

സ്നാനപ്പെടുന്നതു നാം തിരഞ്ഞെടുക്കുമ്പോൾ അതു എന്തിനുവേണ്ടിയാണെന്നതു പ്രാധാന്യമർഹിക്കുന്ന കാര്യമാണ്. സ്നാനത്തിനു നമ്മെ പ്രേരിപ്പിക്കുന്ന വിശ്വാസമോ ക്രിസ്തുവിനെ അനുസരിക്കുക എന്നതാണ്. സ്നാനം എന്നതു വിശ്വാസിയുടെ വിവാഹാഘോഷമാണ്. ഭൗതികമായ സ്നാനം എന്ന പ്രവൃത്തി ക്രിസ്തു നമ്മെ പഠിപ്പിച്ചതാണ്. എന്തിനെങ്കിലും വേണ്ടി സ്നാനം ഏററിട്ടു അതു ക്രിസ്തുവിനെ അനുസരിക്കുന്നതിനുവേണ്ടിയാണെന്നു പറയുന്നതു നിരർത്ഥകമാണ്. വിശ്വസിക്കുന്ന മാത്രയിൽ തന്നെ ഒരാൾ രക്ഷിക്കപ്പെടുന്നു എ

ന്നു വിശ്വസിക്കയും പിന്നീട് ക്രിസ്തുവിനെ അനുസരിക്കുവാൻ സ്നാനമേല്ക്കുന്നു എന്നു പറകയും ചെയ്താൽ അതു വാസ്തവത്തിൽ ക്രിസ്തുവിനെ അനുസരിക്കുന്നതാണോ ? ചിലർ അതെ എന്നു പറയും. എന്നാൽ ബൈബിൾ പറയും അല്ല എന്ന്. ബൈബിൾ കല്പനകളെ അനുസരിക്കുമ്പോൾ മാനുഷിക കാരണങ്ങൾ കണ്ടെത്തുന്നതു ദൈവികമല്ല. അജ്ഞതയാലുള്ള പ്രവർത്തികൾ അറിഞ്ഞു അനുസരിക്കുന്നതിനു പകരമാവില്ല. യേശു പഠിപ്പിച്ചതു: വിശ്വസിക്കയും സ്നാനമേല്ക്കയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും എന്നാണ് (മർക്കൊസ് 16:16). അതായതു വിശ്വാസം + സ്നാനം = രക്ഷ എന്നാണ്. മറിച്ചുള്ള കാഴ്ച്ചപ്പാട് അനുസരണക്കേടാണ്.

മറ്റൊരുകൂട്ടം ആളുകൾ കൃപയാലും വിശ്വാസത്താലും രക്ഷിക്കപ്പെടുന്നു എന്നു പറയുന്നുണ്ട്. അതിനോടു മാത്രം എന്ന പദം കൂടെ ചേർക്കുന്നതു കർത്താവിൻെറ ഉപദേശത്തെ മലിനപ്പെടുത്തുന്നതിനോടു തുല്യമാണ്. ദൈവ കല്പന അനുസരിക്കാതിരിക്കാൻ കാരണം കണ്ടെത്തുന്നവർ ധാരാളമുണ്ട്. കർത്താവിൻെറ വഴിയിൽ വേണം അവനെ അനുസരിക്കുവാൻ. വഴി മാറി സഞ്ചരിച്ചിട്ടു കർത്താവിനെ അനുസരിച്ചാണ് ചെയ്തതു് എന്നു പറഞ്ഞാൽ അതു വസ്തുതകൾക്കു നിരക്കാത്തതായിരിക്കും. കർത്താവു ഓരോ കാര്യം ചെയ്യാൻ പറയുമ്പോഴും അതിൻെറ കാര്യകാരണ സഹിതമാണ് പറഞ്ഞിരിക്കുന്നതു. ആ കാരണത്തെ മാററി മറെറന്തെങ്കിലും കാരണത്തിനായി ചെയ്താൽ അതെങ്ങനെ ദൈവ മുൻപാകെ ശരിയാകും ? അനുസരിക്കുന്നതു ക്രിസ്തുവിനെയായാൽ മാത്രമെ അവൻ അംഗീകരിക്കയുള്ളു. വേറൊരർത്ഥത്തിൽ പറഞ്ഞാൽ ക്രിസ്തുവാണ് നമ്മുടെ അനുസരണത്തെ അംഗീകരിക്കേണ്ടതു എന്നർത്ഥം. പഴയ നിയമത്തിലും പുതിയ നിയമത്തിലും ദൈവത്തെ പൂർണ്ണമായി അനുസരിച്ചവർ ഈ ത

ത്വം പാലിച്ചിരുന്നു. അവർ ദൈവോദ്ദേശം മനസിലാക്കി അനുസരിച്ചു.

ശരിയായ ഉദ്ദേശത്തിനു വേണ്ടി സ്നാനമേല്ക്കാത്തവർക്കു അതിന്റെ ശരിയായ ഫലവും കിട്ടുകയില്ല. യേശുക്രിസ്തുവിന്റെ അപ്പോസ്തലനായിരുന്ന പത്രോസിന്റെ ആദ്യത്തെ പ്രസംഗത്തിൽ അവൻ സ്നാനത്തിന്റെ ഉദ്ദേശം വ്യക്തമാക്കിയിട്ടുണ്ട്. എങ്ങനെ എടുക്കണമെന്നും പറഞ്ഞിട്ടുണ്ട് (പ്രവൃത്തി 2:38). വേദകരമെന്നു പറയട്ടെ പുതിയ നിയമ സഭയുടേതിൽ നിന്നു വളരെ വ്യത്യസ്തമായിട്ടാണ് വിഭാഗത്തിലുള്ളവർ അതിനെ മാററി മറിച്ചിരിക്കുന്നതു. അവരുടെ സ്ഥാപിത താല്പര്യമോ, പാരമ്പര്യമോ, സൗകര്യമോ ഒക്കെ അതിനു പറഞ്ഞു കേരംക്കാറുണ്ട്. അവർ പല വിധത്തിലും പല ഉദ്ദേശങ്ങരംക്കുമായി സ്നാനത്തെ ഉപയോഗിക്കുമ്പോരം അതെങ്ങനെ ക്രിസ്തുവിനെ അനുസരിക്കുന്നതാകും ?

അനുസരണം എന്ന പദത്തിനു അവർ കണ്ടെത്തിയ അർത്ഥം വളരെ വിചിത്രം തന്നെ. കർത്താവു ചെയ്യാൻ പറഞ്ഞിരിക്കുന്നതു ചെയ്യാതെ കർത്താവിനെ വിളിക്കുന്നതുപോലും അർത്ഥ ശൂന്യമത്രെ. കർത്താവു കല്പിച്ച കല്പനകളിലെ യഥാർത്ഥ കാരണം കണ്ടെത്താതെ മററു കാരണങ്ങരം കണ്ടെത്തുന്നതു വിരോധാഭാസമാണ്. ലോകത്തിൽ ഇന്നും എന്നും നടക്കുന്ന കാര്യമാണിതു. ഒരാരം സ്നാനപ്പെടുന്നതു എന്തിനുവേണ്ടിയാണെന്നു അറിയാതെ സ്നാനപ്പെടുന്നതു പരമാർത്ഥത്തിൽ അന്തരീക്ഷത്തിൽ മുഷ്ടി യുദ്ധം ചെയ്യുന്നതുപോലെയാണ്. ഉദ്ദേശവും ഫലവും തിരിച്ചറിഞ്ഞു കഴിഞ്ഞാൽ അതിന്റെ അനന്തര ഫലം നിശ്ചയമായിരിക്കും.

★

വാർത്തകൾ

# എസ്.എസ്.എൽ.സി. ബുക്കിലെ വിവരങ്ങൾ ഇനി കംപ്യൂട്ടറിലൂടെ

അടുത്ത വർഷം മുതൽ എസ്.എസ്.എൽ.സി. ബുക്കിൽ മാർക്കും വിദ്യാർത്ഥിയുടെ വിശദവിവരങ്ങളും കംപ്യൂട്ടറിലൂടെ രേഖപ്പെടുത്തും. ടാബുലേഷൻ പൂർണമായും കംപ്യൂട്ടർവൽക്കരിക്കുന്നതിന്റെ തുടർച്ചയാണിത്. ഇതിനായി ഓരോ സ്കൂളും വിദ്യാർത്ഥികളുടെ വിശദവിവരങ്ങളും നേരത്തേ നടത്തിയ പരീക്ഷകളിലെ മാർക്കും കംപ്യൂട്ടർ ഫ്ളോപ്പിയിലാക്കി പരീക്ഷാഭവനു നൽകും. ഇതിനുള്ള ഫ്ളോപ്പികളും സാങ്കേതിക സഹായവും പൊതു വിദ്യാഭ്യാസ ഡയറക്ടറേററ് സ്കൂളുകൾക്കു നൽകും. പദ്ധതിയുടെ വിശദാംശങ്ങൾ ചർച്ചയിലൂടെ തീരുമാനിക്കുമെന്നു പൊതു വിദ്യാഭ്യാസ ഡയറക്ടർ വി.പി. ജോയി അധ്യാപക സംഘടനാ ഭാരവാഹികളുടെ യോഗത്തിൽ അറിയിച്ചു.

ഉച്ചക്കഞ്ഞിക്കു സ്കൂൾ അധികൃതരുടെ അപേക്ഷയനുസരിച്ചു ഫണ്ട് അനുവദിക്കുന്ന രീതി മാററി ഭക്ഷണം ആവശ്യമുള്ള വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി തുക നൽകുന്ന രീതി നടപ്പാക്കും. ഫണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നു ലഭിക്കാൻ കാലതാമസം വരുന്നതായി സംഘടനാ നേതാക്കൾ ചൂണ്ടിക്കാട്ടി.

എയ്ഡഡ് സ്കൂളുകളിലെ ഒന്നേകാൽ ലക്ഷത്തോളം അധ്യാപകരുടെ പ്രോവിഡൻറ് ഫണ്ട് ക്രെഡിററ് കാർഡ് നൽകുന്നതിനു ജില്ലാ പ്രോവിഡൻറ് ഫണ്ട് ഓഫീസർമാരുടെ യോഗം രണ്ടാഴ്ചയ്ക്കുള്ളിൽ വിളിച്ചു ചേർക്കും.

## ഈ ബലൂണുകൾ രഞ്ജിത്തിനു ജീവിതം ഉയർത്തിപ്പിടിക്കാൻ

രഞ്ജിത്തിന്റെ ചുമലിൽ കളിപ്പാട്ടങ്ങളാണെങ്കിലും അതിനു ജീവിതത്തിന്റെ ഭാരമാണ്. സ്വന്തം ശ്വാസം നൽകി ജീവൻ വയ്പിക്കുന്ന ബലൂണുകൾകൊണ്ട് ഈ പതിനാറുകാരൻ ജീവിതം നിർമിക്കാൻ ശ്രമിക്കുകയാണ്. എന്നും കൂട്ടുകാരായ കളിക്കോപ്പുകൾ രഞ്ജിത്തിന്റെയും സഹോദരങ്ങളുടെയും ദിനങ്ങൾക്കു നിറപ്പകിട്ടേകുന്നില്ല.

പതിനാറാം വയസു തികയുന്ന ഇന്നു രഞ്ജിത്ത് സ്കൂളിൽ പോകാതായിട്ടു നാലു ദിവസമാകും. കാരണം 192 രൂപ ഫീസ് കൊടുക്കാനില്ല. ഭരണസിരാകേന്ദ്രം കുടൊഴിയുന്ന വൈകുന്നേരങ്ങളിൽ നഗരം തിരക്കിട്ടോടുമ്പോൾ കളിപ്പാട്ടക്കോപ്പുകളുമായി സ്റ്റാച്യുവിനു മുന്നിലെ പാതയോരങ്ങളിൽ രഞ്ജിത്തെത്തും.

അച്ഛൻ അമ്പിയോടൊപ്പം എട്ടാം വയസിലാണു തുടക്കം. അമ്പിക്കു സ്കൂൾ പഠനം അന്യമായിരുന്നു. ഏഴു വയസിൽ തുടങ്ങിയ കളിപ്പാട്ടക്കച്ചവടത്തിനിപ്പോൾ 35 വർഷത്തെ പഴക്കം. അമ്പിയുടെ അച്ഛൻ രാഘവൻ എഴുപതാം വയസിലും മ്യൂസിയത്തിനു മുന്നിൽ കളിക്കോപ്പുകളുമായി നിൽപ്പുണ്ട്. അമ്പിയുടെ ഭാര്യ മോളി പത്താം ക്ലാസ് പൂർത്തിയാക്കിയില്ല. ജോലിക്കുള്ള ശ്രമം ഏറെ നടത്തി. ഒരിടത്തും ഭാഗ്യം തെളിഞ്ഞില്ല. ചെങ്കൽച്ചൂള കോളനിയിലെ അമ്പിക്കും മോളിക്കും രഞ്ജിത്തിനു താഴെ കുഞ്ഞുങ്ങൾ അഞ്ചുപേർ കൂടിയുണ്ട്. രഞ്ജിത്തിനു താഴെയുള്ള രതീഷും ദിവസവും കച്ചവടത്തിനെത്തും. രണ്ടുപേരും മോഡൽ ഹൈസ്കൂൾ വിദ്യാർത്ഥികൾ. അനിയൻ അരുൺ മോഡൽ പ്രൈമറി സ്കൂളിലാണ്. മായ കോട്ടൺഹിൽ സ്കൂൾ എട്ടാം ക്ലാസുകാരി. ഐശ്വര്യ തമ്പാനൂർ സ്കൂളിൽ. ഇളയവൻ രാഹുലിനു മൂന്നു വയസ്.

# പാലോട് ബൊട്ടാണിക് ഗാർഡൻ സാമ്പത്തിക പ്രതിസന്ധിയിൽ

സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കമ്മിററിയുടെ കീഴിലുള്ള ഗവേഷണ സ്ഥാപനമായ പാലോട് ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആൻഡ് റിസർച്ച് ഇൻസ്ററിററ്യൂട്ടിൽ വൻ സാമ്പത്തിക പ്രതിസന്ധിയിലായി.

ഇൻസ്ററിററ്യൂട്ടിലെ ശാസ്ത്രജ്ഞരുടേയും മററു ജീവനക്കാരുടേയും ശമ്പളത്തിൽ നിന്നു പിടിച്ചെടുക്കുന്ന പ്രോവിഡൻറ് ഫണ്ട്, ആദായ നികുതി, എൽ.ഐ.സി. പ്രീമിയം, ബാങ്ക് വായ്പ ഗഡുക്കൾ എന്നിവ യഥാസമയം അടയ്ക്കാത്തതാണ് സാമ്പത്തിക പ്രതിസന്ധി രൂക്ഷമാകാൻ മുഖ്യ കാരണം.

സാമ്പത്തിക ബുദ്ധിമുട്ടു കാരണം ഗവേഷണ പദ്ധതികൾക്കു ലഭിക്കുന്ന ധനസഹായം വകമാററി ചെലവിടുന്നതും ഇൻസ്ററിററ്യൂട്ടിൽ പതിവായിരിക്കയാണ്. മേയ് 16-ന് ഇൻസ്ററിററ്യൂട്ട് ഡയറക്ടർ പുറത്തിറക്കിയ സർക്കുലറിൽ ഇൻസ്ററിററ്യൂട്ട് സാമ്പത്തിക ഞെരുക്കത്തിലാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. ഇതു കാരണം ലീവ് സറണ്ടർ, മെഡിക്കൽ റീഇംബേഴ്സ്മെൻറ് എന്നിവ തൽകാലം നൽകാനാവില്ലെന്നു സർക്കുലറിൽ പറയുന്നു. അക്കൗണ്ട്സ് വിഭാഗത്തിലെ തിരിമറികളും കെടുകാര്യസ്ഥതയുമാണ് പ്രശ്നങ്ങൾക്കെല്ലാം മൂലകാരണമെന്നറിയുന്നു. ഗവേഷണ പദ്ധതികൾക്കു വേണ്ടിയുള്ള ഉപകരണങ്ങളും മററും വാങ്ങുന്നതിനുള്ള അപേക്ഷകൾ കാലങ്ങളായി ഇൻസ്ററിററ്യൂട്ടിൽ കെട്ടിക്കിടക്കുക പതിവാണ്. ഈ പദ്ധതികൾക്കായി അനുവദിച്ച ഫണ്ടിൽ പണം ബാക്കിയുള്ളപ്പോഴാണ് ഈ സ്ഥിതി.

## ക്രൈസ്തവർക്ക് എതിരായ അക്രമങ്ങളിൽ ഉത്കണ്ഠ

രാഷ്ട്രപുരോഗതിക്കും ദേശീയോദ്ഗ്രഥനത്തിനും മതമൈത്രിക്കും നിസ്തുല സംഭാവന നൽകിയ ക്രൈസ്തവർക്കു നേരെയുള്ള അതിക്രമങ്ങളിൽ ക്രൈസ്തവസഭയുടെ സംയുക്ത സമ്മേളനം അതീവ ഉത്കണ്ഠ പ്രകടിപ്പിച്ചു.

ചില രാഷ്ട്രീയ കക്ഷികളും മതതീവ്രവാദികളും തമ്മിലുള്ള അവിശുദ്ധബന്ധം രാഷ്ട്രത്തിന്റെ അഖണ്ഡതയ്ക്കു ഭീഷണിയാണെന്നും അതു തടയാൻ എല്ലാ മതവിഭാഗങ്ങളും രാഷ്ട്രീയ പ്രസ്ഥാനങ്ങളും അണിചേരണമെന്നും സമ്മേളനം ഇവിടെ പുറപ്പെടുവിച്ച പ്രഖ്യാപനത്തിൽ ആഹ്വാനം ചെയ്തു. കാത്തലിക് ബിഷപ്പ്സ് കോൺഫറൻസ് ഓഫ് ഇന്ത്യയും നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ ഇന്ത്യയും സംയുക്തമായാണ് സമ്മേളനം സംഘടിപ്പിച്ചത്.

വിദ്യാഭ്യാസപുരോഗതിക്കും ആദിവാസക്ഷേമത്തിനും പിന്നോക്കമേഖലാ വികസനത്തിനും കാലങ്ങളായി സേവനം ചെയ്യുന്ന ക്രൈസ്തവസമൂഹത്തിനെതിരായ വിമർശനങ്ങളിൽ തെല്ലും അടിസ്ഥാനമില്ലെന്നു സമ്മേളനം ചൂണ്ടിക്കാട്ടി. മതംമാറ്റുകയാണു ക്രൈസ്തവസഭകളുടെ ലക്ഷ്യമെന്നു പറയുന്നവർ നൂറ്റാണ്ടുകളായുള്ള പ്രവർത്തനത്തിനു ശേഷവും ജനസംഖ്യയിൽ ക്രൈസ്തവർ രണ്ടര ശതമാനം മാത്രമാണെന്ന കാര്യം ഓർമ്മിക്കണമെന്നു പ്രഖ്യാപനത്തിൽ പറയുന്നു.

★

# പ്രായമായവർക്കു വേണ്ട ശുപാർശകൾ

W. A. ഹോളെ

വാർദ്ധക്യകാലത്തു നീ എന്നെ തള്ളിക്കളയരുതേ; ബലം ക്ഷയിക്കുമ്പോൾ എന്നെ ഉപേക്ഷിക്കയുമരുതേ. ദൈവമേ, അടുത്ത തലമുറയോടു ഞാൻ നിന്റെ ഭുജത്തെയും വരുവാനുള്ള എല്ലാവരോടും നിന്റെ വീര്യ പ്രവർത്തിയെയും അറിയിക്കുവോളം വാർദ്ധക്യവും നരയും ഉള്ള കാലത്തും എന്നെ ഉപേക്ഷിക്കരുതേ (സങ്കീർത്തനങ്ങൾ 71:9,18). ഞങ്ങളുടെ ആയുഷ്ക്കാലം എഴുപതു സംവത്സരം; ഏറെ ആയാൽ എൺപതു സംവത്സരം; അതിന്റെ പ്രതാപം പ്രയാസവും ദുഃഖവുമത്രേ. അതു വേഗം തീരുകയും ഞങ്ങൾ പറന്നുപോകയും ചെയ്യുന്നു (സങ്കീർത്തനങ്ങൾ 90:10).

പ്രായമായവർ പുരുഷനായാലും സ്ത്രീയായാലും അവർ മനുഷ്യരിൽ കുറഞ്ഞവരല്ല. പകരം വയസ്സു ഒരു നേട്ടം തന്നെയാണ്. വാർദ്ധക്യത്തിലെത്തിയ ഒരാൾ അറിവും പരിചയ സമ്പത്തും പ്രായോഗിക വീക്ഷണവും ഉള്ള ഒരു വ്യക്തിയായിരിക്കും. ആരോഗ്യമുള്ള ഒരാളുടെ കാര്യമാണ് ഇവിടെ പറയുന്നതു. 90 അല്ലെങ്കിൽ 100 വയസായ ഒരാൾക്ക് കാഴ്ച്ചയിൽ യുവാവായി മരിക്കാൻ സാദ്ധ്യമല്ല. പ്രായമാകുന്നതു തെററുമല്ല. ആദാം, നോഹ, മെഥൂശലേം, അബ്രഹാം, മോശെ തുടങ്ങിയ പിതാക്കന്മാരെ ഓർക്കുക.

പ്രായം ചെന്ന പൗരന്മാർക്കു താമസിക്കുന്നതിനു അവരുടേതായ സ്ഥലവും വീടും നല്കുന്നതു ഏററവും നല്ല കാര്യമാണ്. യേശു തന്റെ അമ്മയെ സംരക്ഷിക്കുന്നതിനു യോഹന്നാനോടു ആവശ്യപ്പെടുന്നുണ്ട് (യോഹന്നാൻ 19:25-27). കഴിവതും പരാശ്രയമില്ലാതെ ജീവിക്കുക.

ആരോഗ്യ പ്രശ്നം ചിലപ്പോൾ നേരിട്ടെന്നിരിക്കും. അപ്പോൾ മററുള്ളവരുടെ അത്യാവശ്യ സഹായം സ്വീകരിക്കണം (പ്രവൃത്തി 6:1-6; തീത്തോസ് 2:2-5; 1 തിമൊഥെയൊസ് 5:10

പ്രായമായവരും ദൈവത്തിൻെറ സൃഷ്ടിയിൽ പെട്ടവർ തന്നെയാണ്. നിങ്ങളെ ദൈവ സാദൃശത്തിലാണ് സൃഷ്ടിച്ചത് (ഉല്പത്തി 1:26-27) നമ്മിൽ എല്ലാവരിലും ഉള്ള ദൈവിക അംശം അവൻെറ ആത്മാവാണ്. ഒരിക്കലും മരിക്കാതിരിക്കുന്നതും ആത്മാവു തന്നെ (മത്തായി 10:28).

നിങ്ങൾ പ്രായം ചെന്നവരാണെങ്കിലും നിങ്ങളെത്തന്നെ ഉപകാരമുള്ളവരാക്കി സൂക്ഷിക്കുക. ഏതെങ്കിലും ഒരു സഹായമോ പ്രവർത്തിയോ ചെയ്തു എപ്പോഴും തിരക്കുള്ളവരായിരിക്കുക. പ്രായം ചെന്ന സ്ത്രീ പുരുഷന്മാർക്കു എന്തു ചെയ്വാൻ കഴിയും ? പലതും ചെയ്യാൻ കഴിയും. നിർഭാഗ്യാവസ്ഥയിലായിരിക്കുന്ന സ്ത്രീ പുരുഷന്മാരെ സന്ദർശിച്ച് ആശ്വാസ വചനങ്ങൾ പറഞ്ഞു കൊടുക്കാം. രോഗികളായി കഴിയുന്നവർക്കു വേണ്ട സഹായം ചെയ്യാം. ഒരു നല്ല ശമര്യക്കാരനായിരിക്കാം (ലൂക്കോസ് 10:25-37). ഫോൺ ചെയ്തു സംസാരിക്കാം. എഴുത്തുകൾ അയച്ച് പ്രോത്സാഹിപ്പിക്കാം. എല്ലാം നിങ്ങൾക്കു ചെയ്യാൻ കഴിയുകയില്ല. പക്ഷെ കുറെയൊക്കെ ചെയ്യാം. നിങ്ങളുടെ സാഹചര്യം എന്തായിരുന്നാലും അതു വിലപിച്ചു കഴിക്കരുത്. ദുഃഖത്തിലും ഭാരത്തിലും മനോവിഷമത്തിലും നിരാശയിലും കഴിയുന്ന ഒരാൾക്കു മറെറാരാളെ ആശ്വസിപ്പിക്കുവാൻ സാധിക്കയില്ല. കാരണം മനസു തണുത്തു മരവിച്ചിരിക്കും. എന്നാൽ അതെല്ലാം മാററുവാൻ ദൈവത്തിനു കഴിയും. എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയായവൻ എന്നാണ് പൌലൊസ് പറഞ്ഞതു (ഫിലിപ്പിയർ 4:13).

ഒരാൾ തൻെറ ഹൃദയത്തിൽ കണക്കു കൂട്ടുന്നതു പോലെയാണ് (സദൃശവാക്യങ്ങൾ 23:7).

ജീവിതത്തിൽ നന്മയും തിന്മയും ഇട കലർന്നതാണെന്നു മനസ്സിലാക്കുന്നതു വളരെ നന്നായിരിക്കും. ഇരുട്ടിൻെറ നിഴൽ നമ്മിൽ വന്നു വീഴാറുണ്ട്. പഴയ നിയമ കാലയളവിൽ ജീവിച്ചിരുന്ന മഹാന്മാരിൽ ഒരാളായിരുന്ന ദാവീദ് വളരെ കഷ്ടം സഹിച്ചവനായിരുന്നു. അതു അവൻേറയും മററുള്ളവരുടേയും ദൈവേഷ്ടത്തിൽ നിന്നകന്നുള്ള ജീവിതം ആയിരുന്നു (2 ശമുവേൽ 12:10). ബെത്ത്ശേബയുമായി ദാവീദു ചെയ്ത പാപം നിമിത്തം അവൻ അനുഭവിക്കേണ്ടിവന്ന സങ്കടവും വേദനയും 51-ം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ സൂര്യൻ ഇപ്പോഴും പ്രകാശിക്കുന്നു. എന്നും ചിരിച്ചുകൊണ്ടിരിക്കാമെന്നു വിചാരിക്കരുത്. കണ്ണുനീരും വേദനയും പ്രതീക്ഷിക്കാം. യാഥാർത്ഥ്യത്തെ നാം തിരിച്ചറിഞ്ഞാൽ പ്രയാസം അത്ര വലുതായി തോന്നുകയില്ല.

വ്യായാമം വളരെ പ്രാധാന്യമർഹിക്കുന്ന ഒന്നാണ് (പ്രവൃത്തി 24:16; എബ്രായർ 5:14). ഭൗതികവും ആത്മികവുമായ വ്യായാമം കൂടിയേ തീരു. മനസ്സിൻെറ പിരിമുറുക്കം, സമ്മർദ്ദം, ആകുലത എന്നിവ ഒഴിവാക്കുവാൻ ഇതു സഹായകരമാണ്. മുൻപേ അവൻെറ രാജ്യവും നീതിയും അന്വേഷിച്ചാൽ ഭൗതികമായ വിചാരങ്ങൾ മാറിപോകും (മത്തായി 6:33). നാളത്തെ പ്രശ്നങ്ങൾ നാം ഇന്നു തന്നെ കടം വാങ്ങരുത്. അതാതു ദിവസം അന്നത്തെ ദോഷം മതി എന്നു വെക്കുക.

പക്വത ആർജിക്കുക. ചിലർ പ്രായമായാലും ശിശുക്കളുടെ സ്വഭാവമായിരിക്കും. മുതിർന്നവരെ പോലെ ചിന്തിച്ചു പ്രവർത്തിക്കുക. ആത്മീയമായി ശക്തരാകണം. ഉണർന്നിരിപ്പിൻ, വിശ്വാസത്തിൽ നിലനില്പിൻ, പുരുഷത്വം കാണിപ്പിൻ, ശക്തിപ്പെടുവിൻ, നിങ്ങൾ

ചെയ്യുന്നതെല്ലാം സ്നേഹത്തിൽ ചെയ്‌വിൻ (1 കൊരിന്ത്യർ 16:13-14). എപ്പോഴും സന്തോഷിച്ചിരിക്കുക. ഒരെതിർപ്പും മുഖത്തു പ്രകടിപ്പിക്കാതിരിക്കുക. എല്ലാവരോടും സ്നേഹത്തിൽ ഇടപെടുകയും വാക്കുകളിലൂടെ ഉത്തേജനവും പ്രോത്സാഹനവും ആവശ്യമുള്ള നിരാശയിലുള്ളവർക്കു അതു പകരണം. നിങ്ങൾ അവരോടു എത്രയധികം സംസാരിക്കുന്നു എന്നതല്ല കാര്യം എങ്ങനെ സംസാരിക്കുന്നു എന്നതാണ് പ്രധാനം.

പ്രായം ചെന്നവർക്കു നിഗളം കണ്ടേക്കാം. നിങ്ങൾ പ്രസാദകരമായി വസ്ത്രധാരണം ചെയ്യുക. പ്രസന്നവദനരായിരിക്കുക. അങ്ങനെയായാൽ നിങ്ങൾ കണ്ടുമുട്ടുന്നവർക്കു നിങ്ങളെ കുറിച്ചു മതിപ്പുണ്ടാകും. സന്തോഷം പങ്കിടുന്നവരാകുക. അങ്ങനെ നിങ്ങൾക്കു സ്നേഹ സമ്പർക്കവും സ്വാധീനവും സമൂഹത്തിൽ ചെലുത്താൻ കഴിയും.

[illegible] വാക്കുകൾ സൂക്ഷിച്ചുവേണം ഉപയോഗിക്കാൻ. കാരണം പരദൂഷണം സാത്താന്റെ വലിയൊരു ആയുധമാണ്. അതിനു മോശമായ ഒരു വശമുണ്ട്. തെററായ അഭിപ്രായങ്ങൾ വളരെ വേഗം പരക്കും; നിങ്ങൾ അതു കേട്ടോ ? ''ഞാനതു വിശ്വസിക്കുന്നില്ലകേട്ടോ''. ഇതു മററാരും അറിയരുത് കേട്ടോ ! എന്നു തുടങ്ങിയ ആമുഖവുമായി വരുന്ന ദൂഷണം അപകടകരമാണ്.

ടെലഫോൺ ഒരിക്കലും തെററായ കാര്യങ്ങൾക്കു വേണ്ടി ഉപയോഗിക്കരുത്. മറെറാരാളെകുറിച്ചു പ്രത്യേകിച്ചും മോശമായി സംസാരിക്കാതിരിക്കുക. കാരണം അതു ദൂരവ്യാപകമായ പ്രത്യാഘാതമുണ്ടാകും. ആകയാൽ ഭോഷ്ക്കു ഉപേക്ഷിച്ചു ഓരോരുത്തൻ താന്താന്റെ കൂട്ടുകാരനോടു സത്യം സംസാരിപ്പിൻ; നാം തമ്മിൽ അവയവങ്ങളല്ലൊ. കോപിച്ചാൽ പാപം ചെയ്യാതിരിപ്പിൻ.

★

(10-ാം പേജിന്റെ തുടർച്ച)

ങ്ങളുമെല്ലാമുണ്ട്. സ്നേഹം നൽകാത്തവർക്കു സ്നേഹം ലഭിക്കുന്നില്ല. വളർത്തുമൃഗങ്ങളെപ്പോലും നാം സ്നേഹിക്കുന്നുവെങ്കിൽ മാത്രമേ അവ നമ്മെയും സ്നേഹിക്കുകയുള്ളൂ. നാം അവയെ ഉപദ്രവിക്കുന്നു എങ്കിലോ അവ നമ്മെയും ഉപദ്രവിക്കുന്നു എന്നു മാത്രമല്ല അവ മറ്റുള്ളവയെക്കൂടി ഉപദ്രവിക്കുവാൻ ശീലിക്കുകയും ചെയ്യുന്നു.

പ്രതിഫലം പ്രതീക്ഷിക്കാത്ത പ്രവൃത്തിയാണ് സ്നേഹമെങ്കിൽ അത് ദൈവ സ്നേഹം മാത്രമാണ്. അതാകട്ടെ മനുഷ്യൻ മറന്നുപോയിരിക്കുന്നു. ഫലമോ മനുഷ്യൻ സ്വാർത്ഥനായിരിക്കുന്നു; പേരോ സ്വാർത്ഥതയുടെ നീരാളിപ്പിടുത്തത്തിലാണ്. എന്നു പറയുന്നതാവും ശരി. വ്യത്യസ്ഥ സംസ്കാരങ്ങളിൽ രൂപപ്പെട്ട മനുഷ്യവർഗ്ഗം ഒരേതരത്തിലുള്ള തെറ്റുകൾ ചെയ്തുകൂട്ടുന്നു. ദൈവസ്നേഹത്തിൽ നിന്നു ലോകം അകന്നിരിക്കുന്നു. കൊലപാതകന്മാർ, മദ്യപാനികൾ, പിടിച്ചു പറിക്കാർ, സാമൂഹ്യദ്രോഹികൾ, കുഞ്ഞുങ്ങളെ കഠിനമായ ജോലി ചെയ്യിപ്പിക്കുന്ന വ്യവസായ ശാലകൾ, തട്ടിയെടുക്കുന്ന കുട്ടികളെക്കൊണ്ട് ഭിക്ഷാടനം നടത്തിക്കുന്നവർ, വേശ്യാവൃത്തിക്കു ഇരയാകേണ്ടിവരുന്ന ബാലികമാർ, കാമാർത്തി പൂണ്ട രാക്ഷസൻമാർ, സ്വന്തം വീട് കൊള്ളയടിക്കുന്ന മക്കൾ, കോളേജ് വിദ്യാർത്ഥികളുടെ കുത്തഴിഞ്ഞ ലൈംഗിക അതിപ്രസരണം, കുടുംബബന്ധങ്ങൾക്കു വിലകൽപിക്കാത്ത പുത്തൻ സംസ്കാരങ്ങൾ... മനുഷ്യൻ അവന്റെ ആത്മീകവ്യക്തിത്വത്തിലെ പിളർപ്പുകളും അപൂർണ്ണതകളും തിരിച്ചറിയാതെ അതിവേഗം പായുകയാണ്. അധാർമ്മികത കൈപ്പിടിയിലൊതുക്കി കൈമുഷ്ടി ചുരുട്ടി അഹങ്കരിക്കുകയാണ്. ആത്മീയതക്കെതിരെ ആക്രോശിക്കുകയാണ്. ദൈവത്തെ, ദൈവിക നിയമങ്ങളെ പുഛിച്ചു തള്ളുകയാണ് വെല്ലുവിളിക്കുകയാണ്. മദ്യവും മയക്കു

മരുന്നും കൊണ്ട് മസ്തിഷ്കത്തെ ഭ്രാന്തുപിടിപ്പിച്ചവരെയും ദുരഭിമാനത്തിനുവേണ്ടി പണംകൊണ്ട് സാമൂഹിക നീതിയെ വിലയ്ക്കെടുത്തവരെയും കൊണ്ട് ലോകത്തെ കുത്തി നിറച്ചിരിക്കുകയാണ്. ശരീരപൂജയുടെ ഉപഭോഗതികതയിൽ ആത്മാവ് കീറിപ്പറിഞ്ഞു പോയിരിക്കുന്നു. ദൈവമില്ലാത്ത മനുഷ്യകോലങ്ങൾ - അയ്യോ ഹാ കഷ്ടം ! എന്നല്ലാതെ എന്തുപറയാനാണ്.

പിണങ്ങാൻ എളുപ്പമാണ്, ഇണങ്ങാൻ പ്രയാസവും. നിങ്ങൾ ആരുതന്നെയാകട്ടെ; സ്നേഹിക്കുവാൻ ആരുമില്ലാത്ത കുററവാളിയോ, അനാഥനോ, 'എല്ലാവരുമുള്ള ആരുമില്ലാത്തവനോ' ആകട്ടെ നിങ്ങളെ സ്നേഹിക്കുവാൻ ഒരുവനുണ്ട്. ആത്മരക്ഷയാണ് ആത്മസാക്ഷാത്കാരമെന്നു പഠിപ്പിക്കുന്ന ബൈബിൾ പരിചയപ്പെടുത്തുന്ന കർത്താവായ യേശുക്രിസ്തു. ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾ തന്നെ നമുക്കുവേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു (റോമർ 5:8). ദൈവം മനുഷ്യനെ സ്നേഹിച്ചത് തന്റെ സ്വന്തം പുത്രനായ യേശുവിനെ ക്രൂശിൽ യാഗമായി മാനവരാശിക്കു നൽകിക്കൊണ്ടായിരുന്നു.

നമ്മുടെ ആത്മാവിനു ശാശ്വതമായ സ്നേഹം സാഫല്യമാകുന്നതിനുവേണ്ടിയാണ് ക്രിസ്തു ക്രൂശിക്കപ്പെട്ടത്. ദൈവം മനുഷ്യനായി, ദാസനായി, ക്രൂശിതനായി. ഈ താഴേക്കിറങ്ങലിനെ 'അഗാപ്പെ' എന്നു പറഞ്ഞിരിക്കുന്നു. അതായത് ദൈവത്തിന്റെ ഉദാത്തമായ സ്നേഹം എന്നർത്ഥം. സ്വയം ത്യജിച്ച് മാനവരാശിയെ സ്നേഹിക്കുന്ന യേശുവിന്റെ ഈ സ്നേഹത്തിന്റെ സുവർണ്ണരേഖ നിങ്ങളുടെ ജീവിതത്തിലൂടെ കടന്നുപോയിട്ടില്ലയോ ? ഇന്നുതന്നെ യേശുവിൽ വിശ്വസിച്ചു അവന്റെ വചനങ്ങൾ പ്രമാണിക്കുക. നിങ്ങളുടെ ഹൃദയം ദൈവ സ്നേഹം കൊണ്ട് നിറയട്ടെ.

തൻെറ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു (യോഹ. 3:16).

ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിക്കേണ്ടതിനും വരം നൽകേണം എന്നും നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരായി വീതിയും നീളവും ഉയരവും ആഴവും എന്ത് എന്നു സകലവിശുദ്ധന്മാരോടുംകൂടി ഗ്രഹിപ്പാനും പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിൻെറ സ്നേഹത്തെ അറിവാനും പ്രാപ്തരാകയും ദൈവത്തിൻെറ എല്ലാ നിറവിനോളം നിറഞ്ഞു വരികയും വേണം എന്നു പ്രാർത്ഥിക്കുന്നു.

✱

# ശരിയായ കാര്യങ്ങൾ പഠിക്കൽ

## വാൻസ് ഹട്ടൻ

പഠിപ്പിച്ച് ശിഷ്യത്വം കൊടുക്കുന്ന ഒന്നാണല്ലോ ക്രിസ്ത്യാനിത്വം (മത്തായി 28:19). അതുകൊണ്ടു ക്രിസ്ത്യാനികൾ പഠിക്കുന്നവരാണ് (റോമർ 12:2). എന്നാൽ എല്ലാവരും ഇങ്ങനെയാകുന്നില്ല എന്നതു പരിതാപകരമത്രേ. മൂല്യത്തിൽ ഉയർന്നു നില്ക്കുന്ന കാര്യങ്ങൾ നാം പഠിക്കേണ്ടതാണ്. നാം പഠിക്കുവാൻ ദൈവം ആഗ്രഹിക്കുന്നതു നാം പഠിക്കുമ്പോഴാണ് ശരിയായ അറിവു നമുക്കു ലഭിക്കുന്നത്. ഈ ലോകത്തിലെ അനുഭവങ്ങളിൽ നിന്നു നാം പഠിക്കുന്നുണ്ട്. നാം ബൈബിൾ പഠിക്കുന്തോറും കൂടുതൽ അറിവുള്ളവരായി മാറുന്നു. നാം തൃപ്തരായിരിക്കുവാനും സന്തോഷിക്കുവാനും തന്മൂലം കഴിയും. തീർച്ചയായും പഠിക്കേണ്ടതായ മൂന്നു മേഖലകൾ നമുക്കു

ശ്രദ്ധിക്കാം; മിക്കവർക്കും ഈ പഠനം അനിവാര്യമാണെന്നതിനു സംശയമില്ല.

## നാം ക്രിസ്തുവിനെയും ദൈവത്തെയും പഠിക്കണം

തന്റെ അടുക്കൽ വന്നു അവനോടു പഠിക്കുവാനാണ് യേശു പറഞ്ഞതു (മത്തായി 11:29). അപ്പൊസ്തലനായ പൌലൊസ് എഫെസ്യയിലെ ക്രിസ്ത്യാനികളോടു സന്ദേശത്തിൽ കൂടെ ക്രിസ്തുവിനെ ഗ്രഹിക്കുവാൻ പറയുന്നുണ്ട് (എഫെസ്യർ 4:20). പിതാവിൽ നിന്നു കേട്ടു പഠിക്കുവാൻ കർത്താവ് നിർദ്ദേശിച്ചിട്ടുണ്ട് (യോഹന്നാൻ 6:45). പിതാവായ ദൈവത്തെയും അവന്റെ പുത്രനായ ക്രിസ്തുവിനെയും നാം പഠിച്ച് അവനെ നമ്മുടെ ഉള്ളിൽ വസിപ്പാൻ അനുവദിക്കണം (ഗലാത്യർ 2:20). മഹത്വത്തിന്റെ പ്രത്യാശ അവനിലല്ലൊ ഉള്ളത് (കൊലൊസ്യർ 1:27) നാം ക്രിസ്തുവിന്റെ നാമമാണ് ധരിച്ചിരിക്കുന്നത് (പ്രവൃത്തി 11:26). നാം പിൻപറ്റേണ്ടതു ക്രിസ്തുവിന്റെ കാൽ പാടുകളെയത്രെ (1 പത്രൊസ് 2:21). അവന്റെ നടപ്പ്, ഭാവം, രൂപം മുതലായവ നമ്മുടേതാക്കി നാം സ്വീകരിക്കണം. ദൈവത്തെപോലെ എന്ന ഭാവമാണ് നാം വളർത്തിയെടുക്കേണ്ടത് (തീത്തൊസ് 2:11-12). കർത്താവിന്റെ വചനപ്രകാരം ജീവിക്കുവാനും അതിൽ തുടരുവാനും അവ നമ്മെ പ്രചോദിപ്പിക്കും (യോഹന്നാൻ 8:31). ക്രിസ്തുവിൽ നിന്നും ദൈവത്തിൽ നിന്നും പഠിക്കുന്നവർ ദൈവത്തോടുള്ള സ്നേഹവും ബഹുമാനവും വർദ്ധിപ്പിക്കും. ഇങ്ങനെ നാം ആയിരിക്കേണ്ട രീതിയിൽ ജീവിച്ചു തുടങ്ങും.

(ശേഷം അടുത്ത ലക്കത്തിൽ)

★

# കാൽ കഴുകൽ

ഫ്രാൻസിസ് ഡേവിഡ്

ഈ ലോകത്തിൽ ജീവിച്ചിരുന്ന മനുഷ്യരിൽ പ്രത്യേകതയുള്ളതും എടുത്തു പറയാവുന്നതുമായ ഗുണങ്ങൾ ഉള്ളതുമായ ഒരു വ്യക്തിയായിരുന്നു യേശു. അവൻ ഉപദേശിക്കയും പ്രവർത്തിക്കയും ചെയ്തിരുന്നു. പറയുന്നതുപോലെ ചെയ്തിരുന്നു എന്നർത്ഥം. അപ്പൊസ്തല പ്രവർത്തികൾ ഒന്നാം അദ്ധ്യായം ഒന്നാം വാക്യത്തിൽ ലൂക്കൊസ് അതു പറയുന്നുണ്ട്.

ഒരു യജമാനൻ ദാസനായി തീരുന്ന ഗുണവിശേഷണം അവനിൽ മാത്രം ഉണ്ടായിരുന്ന പ്രത്യേകതയായിരുന്നു. യജമാനനും കർത്താവുമായിരുന്ന യേശു, എങ്ങനെ അന്യോന്യം ശുശ്രൂഷിക്കണമെന്നു പഠിപ്പിക്കയും കാണിക്കയും ചെയ്തു. തന്റെ ശിഷ്യന്മാരിൽ ഒരാൾ അവനെ ഒറ്റിക്കൊടുക്കുമെന്നു യേശുവിനറിയാമായിരുന്നു. അവൻ ശിഷ്യന്മാരുമായി അത്താഴത്തിനു ഇരിക്കുമ്പോൾ തന്റെ അരയിൽ നിന്നു തോർത്ത് അഴിച്ചു ചുററി ശിഷ്യന്മാരുടെ കാലുകൾ കഴുകാൻ തുടങ്ങി. അതിനുശേഷം തോർത്തുകൊണ്ടു തുടക്കാൻ ആരംഭിച്ചു. ഇതിൽ ആശ്ചര്യം തോന്നിയ ശിഷ്യന്മാർ തമ്മിൽ തമ്മിൽ ഇതെന്തു എന്നു പറഞ്ഞു. പത്രൊസിന്റെ അടുക്കൽ വന്നപ്പോൾ "നീ എന്റെ കാൽ കഴുകരുതേ" എന്നു അവൻ അപേക്ഷിച്ചു. എന്നാൽ ഞാൻ നിന്നെ കഴുകിയില്ലെങ്കിൽ നിനക്കു എന്നോടു കൂടെ പങ്കില്ല എന്നു പറഞ്ഞു. അവസാനം അവനും സമ്മതിച്ചു. ഞാൻ ചെയ്യുന്നതെന്ത് എന്നു നിനക്കു പിന്നീട് മനസിലാകും എന്നു കർത്താവു അരുളിച്ചെയ്തു. അതിനുശേഷം അവൻ ഇരുന്നു അവരോടു: നിങ്ങളുടെ യജമാനനും കർത്താവുമായ ഞാൻ ഇങ്ങനെ ചെയ്തു എങ്കിൽ

നിങ്ങളും അങ്ങനെ തന്നെ ചെയ്‌വിൻ എന്നു പറഞ്ഞു. പ്രധാനപ്പെട്ട കാര്യം ഇവിടെ ചിന്തിക്കേണ്ടതു, കർത്താവു അവർക്കു ഒരു മാതൃക കാണിച്ചു കൊടുക്കുകയാണ് എന്നതാണ്.

മതപരമായ എന്റെ സ്നേഹിതന്മാർ ചിലർ കാൽ കഴുകൽ ഒരു ഇടവകയുടെ പരിശീലനമായി വെച്ചിരിക്കയാണ്. എന്നാൽ നമ്മുടെ കർത്താവ് അതു ഒരു സഭയുടെ ചടങ്ങായോ ആചാരമായോ ചെയ്യുവാനല്ല പറഞ്ഞതു. താഴ്മ എന്ന പാഠമാണ് ശിഷ്യന്മാരെ യേശു പഠിപ്പിക്കുന്നതു. അന്യോന്യം അവർ എങ്ങനെ പെരുമാറണം എന്നതു അവൻ അവരുടെ മനസിലേക്കു പകർത്തുകയായിരുന്നു. നിങ്ങൾ ഒരു പക്ഷെ കാൽ കഴുകുന്നുണ്ടാകും എന്നാൽ നിങ്ങളുടെ സഹ മനുഷ്യരോടു നിങ്ങൾ എങ്ങനെ പെരുമാറുന്നു ? ഈ ഭൂമിയിൽ ജീവിച്ച മനുഷ്യരിൽ ഏററവും സൗമ്യതയുള്ള മനുഷ്യനായിരുന്നു യേശു. അവൻ ദൈവത്തോടുള്ള സമത്വം മുറുകെ പിടിച്ചു കൊള്ളേണം എന്നു വിചാരിക്കാതെ ദാസനായി മനുഷ്യവേഷത്തിൽ തന്നെത്താൻ താഴ്ത്തി ക്രൂശിലെ മരണത്തോളം എളിമ ധരിച്ചു (ഫിലിപ്പിയർ 2:6-8). യേശുവിലുള്ള ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ എന്നു പൌലൊസ് പറഞ്ഞിരിക്കുന്നു (ഫിലിപ്പിയർ 2:5). യേശുക്രിസ്തു ചെയ്ത കാൽ കഴുകൽ നടത്തി അതിൽ അവൻ പഠിപ്പിച്ച അർത്ഥം മനസിലാക്കാത്തവരും അനവധിയുണ്ട്. ശരിയായ അർത്ഥം, നാം ധരിക്കേണ്ട താഴ്മയാണ്.

സ്നേഹിതരേ, ഈ പ്രത്യേക സന്ദർഭത്തിൽ നിന്നു നാം മററുള്ളവരെ ശുശ്രൂഷിക്കുവാനുള്ള മനോഗുണം ഉണ്ടാക്കിയെടുക്കണം എന്നാണ് കർത്താവ് ഉദ്ദേശിച്ചത്. ആ കാലത്തു കാൽ കഴുകൽ ഒരു ആചാരമായിരുന്നു. മൈലുകളോളം കാൽ നടയായി യാത്ര ചെയ്തിരുന്നവർ വീടു

കളിൽ ചെല്ലുമ്പോഠം കാൽ കഴുകുക എന്നതു അത്യാവശ്യ മായിരുന്നു. പൊടി നിറഞ്ഞ റോഡിലൂടെയുള്ള നടപ്പ് കാലുകളെ പൊടി പടലങ്ങഠം മൂടും. അപ്പോഠം കഴുകി കളയേണ്ടതു ഒഴിച്ചുകൂടാനാവാത്തതാണ്. യേശു ചെയ്തതുപോലെ ആരും എഴുന്നേററ് മററുള്ളവരുടെ കാൽ കഴുകിയില്ല. എന്നാൽ കർത്താവ് അതു ചെയ്തു. മററൊരാഠംക്കു നാം ചെയ്യേണ്ടതായ ഏതൊരു നിസാര ശുശ്രൂഷയും ചെയ്യുവാൻ നാം മടിക്കരുത്. ക്രിസ്ത്യാനികളായ നാം താഴ്മ പരിശീലിക്കാറുണ്ടോ ? നമ്മുടെ സഹ പൗരന്മാരോടുള്ള നമ്മുടെ മനോഭാവം എന്താണ് ? നാം നമ്മുടെ വീട്ടിൽ താഴ്മ കാണിക്കാറുണ്ടോ ? ഭാര്യയും ഭർത്താവും തമ്മിൽ വാദപ്രതിവാദം നടക്കുമ്പോഠം താഴ്ന്നുകൊടുക്കാൻ മനസ്സു വെക്കാറുണ്ടോ ? സഹോദരങ്ങഠം തമ്മിൽ ഉള്ള പെരുമാററത്തിൽ താഴ്മ കാണാറുണ്ടോ ? പലപ്പോഴും നാം താഴുവാൻ മറക്കുകയാണ്.

കാൽ കഴുകലിനു മാത്രം ഊന്നൽ കൊടുക്കുന്ന ചില സ്നേഹിതന്മാരിൽ എളിമ കാണാതിരിക്കുന്നതു വിരോധാഭാസം തന്നെ. നമ്മളെ ഉപദ്രവിക്കുന്നവരോടും പരിചയമില്ലാത്തവരോടും ഉള്ള നമ്മുടെ സമീപനം എങ്ങനെ ? ശത്രുക്കഠംക്കു നാശം വരണമെന്നാണോ നാം ആഗ്രഹിക്കുന്നത് ? എന്നാൽ കർത്താവു ശത്രുക്കഠംക്കു ശിക്ഷ വരാതിരിക്കേണ്ടതിനു പ്രാർത്ഥിക്കുന്നുണ്ട് (ലൂക്കൊസ് 23:34). ശത്രുക്കളെ സ്നേഹിപ്പാനും ശപിക്കുന്നവരെ അനുഗ്രഹിക്കാനും നിങ്ങളെ വെറുക്കുന്നവർക്കു നന്മ ചെയ്‌വാനും, നിങ്ങളെ നിന്ദിക്കയും ഉപദ്രവിക്കയും ചെയ്യുന്നവർക്കുവേണ്ടി പ്രാർത്ഥിക്കയും ചെയ്‌വാനാണ് യേശു നമ്മെ പഠിപ്പിച്ചതു (മത്തായി 5:44).

ദൈവ പുത്രനായ യേശുവിൽ നിന്നു നാം പഠിക്കേണ്ടിയിരിക്കുന്നു. ഒരിക്കൽ അവൻ പറഞ്ഞു: എന്റെ നുകം ഏററുകൊണ്ടു എന്നോടു പഠിപ്പിൻ; എന്റെ നുകം മൃദുവും ചുമടു ലഘുവുമാകുന്നു. ഞാൻ സൗമ്യതയും താ

ഴ്മയുമുള്ളവൻ. എന്റെ അടുക്കൽ വരുവിൻ എന്നാൽ നിങ്ങളുടെ ആത്മാക്കൾക്കു ആശ്വാസം ലഭിക്കും (മത്തായി 11:29). ഈ കാൽ കഴുകൽ എന്നതു മതപരമായ ഒരു ചടങ്ങല്ല, പിന്നെയോ താഴ്മയുടെ ശക്തമായ ഒരു മാതൃകയാണ്. നിങ്ങൾക്കു കർത്താവിന്റെ മനസ് ഉണ്ടോ ? ക്രിസ്തുവിന്റെ ഭാവം തന്നെ നിങ്ങളിലും ഉണ്ടാകട്ടെ എന്നു പൌലൊസ് രേഖപ്പെടുത്തിയിരിക്കുന്നു (ഫിലിപ്പിയർ 2:5). ഹൃദയങ്ങളേയും മനസുകളേയും കഴുകാതെ കാൽ മാത്രം കഴുകുന്നതുകൊണ്ട് പ്രയോജനമില്ല. ആദ്യം ശുദ്ധമാകേണ്ടതു ഹൃദയമാണ്. കാരണം ദൈവം മനുഷ്യരുടെ ഹൃദയ ശുദ്ധിയാണ് നോക്കുന്നത്. ബാഹ്യമായ ശുദ്ധിയല്ല; ബാഹ്യ ശുദ്ധി നമ്മുടെ ആരോഗ്യത്തിന് നല്ലതാണ്.

മററുള്ളവരെ ശുശ്രൂഷിക്കുവാനുള്ള മനസു നമുക്കു വേണം. മനുഷ്യരെ കാണിക്കുന്നതിനോ വെറും ഒരു ചടങ്ങ് ആയി ചെയ്യുന്നതിനോ ആകരുത്. തങ്ങളിൽ വലിയവൻ ആർ എന്ന ചോദ്യം സാധാരണ ഒരു ക്രിസ്ത്യാനിയിൽ നിന്നു ഉയരാൻ പാടില്ല. ജാതികളാണ് അങ്ങനെ ചിന്തിക്കുന്നത്. എന്നാൽ ക്രിസ്തുവിലായവർ മററുള്ളവർ തന്നെക്കാൾ ശ്രേഷ്ഠന്മാർ എന്നെണ്ണുവാൻ തയ്യാറാകണം. നമ്മിൽ ഒന്നാമൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാവരുടേയും ദാസൻ ആയി ശുശ്രൂഷ ചെയ്യണം. അതിനുള്ള താഴ്ന്ന മനസാണ് വേണ്ടത്. അതു തന്നത്താൻ ഉണ്ടാകണം. അങ്ങനെയുള്ളവനെ ദൈവം ഉയർത്തും (മർക്കൊസ് 10:42-44). കർത്താവു ശുശ്രൂഷിപ്പാനായിട്ടാണ് വന്നതു. നമുക്കു കർത്താവിന്റെ താഴ്മ ധരിക്കാം (1 പത്രൊസ് 5:5). ദൈവത്താൽ നാം ഉയിർത്തപ്പെടേണ്ടതിനു നമുക്കു നമ്മെത്തന്നെ ദൈവ കരങ്ങളിൽ താഴ്ത്തി ഏല്പിക്കാം (1 പത്രൊസ് 5:6).

*

**YOUR ATTENTION PLEASE !**

# Radio Srilanka Broadcasts

**ENGLISH -** The Voice of Truth - Speakers: **Reggi Gnanasundaram** and **J.C. Choate** Fridays: 7.45 to 8.00 p.m.
All Correspondence should be sent to The Voice of Truth
Post Box. 3815 New Delhi-110 049

**HINDI -** Sathya Susamachar. Speaker - **Sunny David**
All Correspondence should be sent to
Sathya Susamachar,
Post Box. 3815 New Delhi- 110 049
Sundays: 8.45 to 9.00 p.m
Thursdays: 9.00 to 9.15 p.m.

**KANNADA -** The Voice of Truth. Speaker - **Robert Rathnakar**
Box. 448, Bangalore - 560 004
Sundays: 1.45 to 2.00 pm.

**MALAYALAM -** The Voice of Truth. Speaker - **P.K. Varghese**
All Correspondence should be sent to Church of Christ,
Post Box. 5540
Trivandrum 695 034, Kerala, India

**TAMIL -** The Way of Truth. Speaker- **P.R.Swamy**
All Correspondence should be sent to The way of Truth,
Post Box 8405
Bangalore - 560 084

**TELUGU -** The Voice of Truth. Speaker- **Joshua Gootam**
All Correspondence should be sent to
The Voice of Truth, Post Box. 80, Kakinada 533 001
Sundays: 2.00 to 2.15 p.m.
Mondays: 2.00 to 2.15 p.m.
Tuesdays: 2.00 to 2.15 p.m.
Wednesdays: 2.00 to 2.15 p.m

**ALL ARE ENCOURAGED TO LISTEN**

Bible Correspondence Courses and Christian literatures are available in these different languages from the addresses listed. Also Radio sermons are available in book form.

---

Edited, Printed and Published by P.K. Varghese Church of Christ Trivandrum.
Printed at Joshah Printers, Trivandrum.

Reg:No.K.Dis 90095/86/ A8, Regd. No.KL/TV (N)22
/ 2000

JOIN US FOR WORSHIP
THE CHURCH OF CHRIST MEETS

To Worship

at Y M C A
SUNDAY at 10 A.M

For Bible Study

T.C.27/218, Thampuranmukku
Trivandrum-7
ALL ARE WELCOME

All correspondence should be sent to the Editor
Bible Truth, Church of Christ, Trivandrum - 34, Kerala, South Ind

To

From

THE BIBLE TRUTH
Church of Christ
Behind Sanskrit College
Thiruvananthapuram - 695 034
Phone : 443378